സ്റ്റാഫ് നേഴ്സ് നിയമനത്തിലെ ഈഴവ സമുദായം

(1507) ശ്രീമതി കെ. ആർ ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യവകുപ്പിൽ ഇടുക്കി ജില്ലയിലേയ്ക്കുള്ള സ്റ്റാഫ് നേഴ്സ് തസ്തികകളിൽ നിയമിക്കപ്പെടുന്നതിനുവേണ്ടി പി.എസ്.സി. ടെസ്റ്റ് നടത്തി 17.9.99-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ആദ്യത്തെ 60 പേരിൽ ഈഴവ സമുദായത്തിൽപ്പെട്ട എത്ര പേരുണ്ട്; അവർ ആരെല്ലാം;

(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്ന് 24 പേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടും ഈഴവ സമുദായത്തിൽപ്പെട്ട ആർക്കും അഡ്വൈസ് മെമ്മോ അയക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) അഡ്വൈസ് മെമ്മോ അയച്ച കാലയളവിൽ നിലവിലുണ്ടായിരുന്ന സംവരണതത്വമനുസരിച്ച് 24 പേർക്ക് അഡ്വൈസ് മെമ്മോ അയക്കുമ്പോൾ അതിൽ ഈഴവ സമുദായത്തിൽപ്പെട്ട എത്ര പേർ ഉൾപ്പെടണമായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൂന്നു പേർ

1. ഷീജ എസ്. (റാങ്ക് നമ്പർ 23)
2. അനി. എസ്. (റാങ്ക് നമ്പർ 54)
3. ഷീജ. എം. ആർ (റാങ്ക് നമ്പർ 59)

(ബി)&(സി) ടി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനശുപാർശ ചെയ്ത 24 പേരിൽ 3 പേരെ എൻ.ജെ.ഡി. ഒഴിവുകളിലും 21 പേരെ റൊട്ടേഷൻ തുടർന്നുമാണ് ശുപാർശ ചെയ്തത്. പ്രസ്തുത 21 പേർക്ക് നിയമന ശുപാർശ എഴുതിയപ്പോൾ 3 ടേണുകൾ ഈഴവസമുദായങ്ങൾക്കായിരുന്നെങ്കിലും മുൻ റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ നടത്തിയപ്പോൾ പട്ടികജാതിക്കാർക്കുള്ള രണ്ടു ടേണും ഒ.ബി.സി.ക്കുള്ള ഒരു ടേണും ആ സമുദായക്കാരില്ലാത്തതിനാൽ ചട്ടപ്രകാരം ഈഴവ സമുദായക്കാർക്ക് നൽകിയിരുന്നു. 17.09.99-ൽ നിലവിൽവന്ന ലിസ്റ്റിൽ പട്ടികജാതി, ഒ.ബി.സി. എന്നീ സമുദായക്കാരുമുണ്ടായിരുന്നതിനാൽ ഈഴവ സമുദായത്തിനുള്ള മൂന്നു ടേണുകളിലും രണ്ടു പട്ടികജാതിക്കാരേയും ഒരു ഒ.ബി.സി.ക്കാരനേയും ചട്ടപ്രകാരം നിയമന ശുപാർശ ചെയ്യുകയുണ്ടായി. അതിനാൽ ഈഴവ സമുദായക്കാർക്ക് നിയമന ശുപാർശ കൊടുക്കാനായില്ല.

സഹകരണ വകുപ്പിലെ തസ്തികകളിലെ നിയമനങ്ങൾക്ക് മലയാളത്തിലും ഉത്തരമെഴുതാൻ നടപടി

(1508) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവീസ് കമ്മിഷൻ നടത്തുന്ന സഹകരണ വകുപ്പിലെ, ജൂനിയർ ആഡിറ്റർ, കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ എന്നീ തസ്തികകളിലെ നിയമനങ്ങൾക്ക് അപേക്ഷിച്ച പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർ ഈ പരീക്ഷയ്ക്ക് മലയാളത്തിലും ഉത്തരമെഴുതുന്ന

LIBRARY ARCHIVES Kerala Legislative Assembly